നം.എച്ച്(2)/5594/2022/ഡി.ജി.ഇ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 24/05/2022

# സർക്കുലർ

വിഷയം :- പൊതു വിദ്യാഭ്യാസം - തസ്തിക നിർണയം - 2022-23 - സമ്പൂർണ്ണ വിവരങ്ങൾ കൃത്യമാക്കൽ - സംബന്ധിച്ച്.

സൂചന :-

*****

1. 2019-20 അധ്യയന വർഷത്തിൽ സമന്വയ മുഖേന തസ്തികനിർണയം നടത്തിയ സ്കൂളുകളുടെ 2022-23 വർഷത്തെ തസ്തികനിർണയവും സമന്വയ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ തന്നെയാണ് ചെയ്യുന്നത്. യു.ഐ.ഡി ഉള്ള കുട്ടികളെ മാത്രമേ തസ്തികനിർണയത്തിന് പരിഗണിക്കൂ എന്നിരുന്നാലും മുൻ വർഷത്തെപ്പോലെ യു.ഐ.ഡി ലഭ്യമല്ലാത്ത വിദ്യാർത്ഥികളുടെ ഇ.ഐ.ഡി/ പ്രധാനാധ്യാപകന്റെ സത്യപ്രസ്താവന എന്നിവയുടെ അടിസ്ഥാനത്തിലും കുട്ടികളെ തസ്തികനിർണയത്തിന് പരിഗണിക്കുമെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്. തസ്തികനിർണയം സംബന്ധിച്ച് പല തട്ടിലുള്ള വിശദമായ പരിശോധനകൾ നടക്കുമെന്നതിനാൽ ആറാം പ്രവൃത്തി ദിനത്തിൽ റോളിലുള്ള എല്ലാ കുട്ടികൾക്കും യു.ഐ.ഡി ലഭ്യമാക്കുന്നതിന് പ്രധാനധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.
2. 2022-23 വർഷത്തെ ആറാം പ്രവൃത്തി ദിനത്തിൽ സമ്പൂർണ്ണയിലെ ഉൾപ്പെടുത്തിയിരിക്കുന്ന കുട്ടികളുടെ വിശദാംശങ്ങൾ തസ്തികനിർണയത്തിന് പരിഗണിക്കപ്പെടുന്നത് എന്നതിനാൽ എല്ലാ വിവരങ്ങളും ആറാം പ്രവൃത്തി ദിവസത്തിനു മുമ്പായിതന്നെ കൃത്യമായി രേഖപ്പെടുത്തേണ്ട താണ്.
3. 6-ാം പ്രവൃത്തി ദിനം വൈകീട്ട് 5 മണിവരെ സമ്പൂർണ്ണയിൽ എൻട്രി ചെയ്യപ്പെടുന്ന ഡാറ്റ ഫ്രീസ് ചെയ്യുന്നതും പ്രസ്തുത വിവരം സമന്വയയിലേക്ക് സിങ്ക് ചെയ്യപ്പെടുകയുമാണ് എന്നതിനാൽ അതിനുശേഷം സമ്പൂർണ്ണയിലെ വിവരങ്ങളിൽ വരുത്തുന്ന മാറ്റം തസ്തികനിർണയത്തിൽ പരിഗണിക്കപ്പെടുന്നതല്ല.
4. ലോവർ പ്രൈമറി തലത്തിൽ അധികഭാഷ-(അറബിക്) പഠിക്കുന്ന കുട്ടികളുടെ കാര്യത്തിലും മറ്റ് ക്ലാസ്സുകളിൽ പാർട്ട് ഒന്ന് മലയാളം, അറബിക്, സംസ്കൃതം, ഉറുദു, തമിഴ്, കന്നട പഠിക്കുന്ന കുട്ടികളുടെ കാര്യത്തിലും പഠിക്കുന്ന ഭാഷ സംബന്ധിച്ച വിവരം കൃത്യതയോടെ രേഖപ്പെടുത്തേണ്ടതാണ്. പിന്നീടുള്ളവ

(...)

തിരുത്തലുകൾ തസ്തികനിർണയത്തിന് യാതൊരു കാരണവശാലും പരിഗണിക്കപ്പെടുന്നതല്ല. തെറ്റായതോ, അപൂർണ്ണമായതോ ആയ വിവരങ്ങൾ നൽകിയത് മൂലം ഡിവിഷൻ/തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം വന്നാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദി പ്രധാനാദ്ധ്യാപകൻ മാത്രമായിരിക്കും.

5. സമ്പൂർണ്ണയിലെ ഡാഷ്ബോർഡിൽ കാണുന്ന യു.ഐ.ഡി വാലിഡേഷൻ മെനു ഉപയോഗിച്ചു യു.ഐ.ഡി വിവരങ്ങൾ പരിശോധിച്ച് വാലിഡേറ്റ് ചെയ്ത് തെറ്റായ വിവരങ്ങൾ (ഇൻവാലിഡ് യു.ഐ.ഡി) ഉണ്ടെങ്കിൽ വിവരങ്ങൾ കൃത്യമാക്കാൻ പ്രധാനാദ്ധ്യാപകൻ ശ്രദ്ധിക്കേണ്ടതാണ്.
6. ഏതെങ്കിലും വിദ്യാർത്ഥിയുടെ യു.ഐ.ഡി വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ മറ്റൊരു സ്കൂളിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണപ്പെടുകയും എന്നാൽ ആ സ്കൂളിൽ നിന്നും ട്രാൻസ്ഫർ ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അതാത് വിദ്യാഭ്യാസ ഓഫീസർമാർക്ക് അപേക്ഷ നൽകേണ്ടതാണ്.
7. വിദ്യാർത്ഥികളുടെ വിടുതൽ സർട്ടിഫിക്കറ്റ് രക്ഷിതാവ് ആവശ്യപ്പെടുന്ന മുറയ്ക്ക് ഉടൻ തന്നെ ആയത് അനുവദിക്കേണ്ടതും യു.ഐ.ഡി ഉൾപ്പെടെയുള്ള സമ്പൂർണ്ണ വിവരങ്ങൾ പുതിയ സ്കൂളിലേക്ക് മാറ്റിനൽകേണ്ടതുമാണ്. അപ്രകാരം നടപടി സ്വീകരിക്കാത്ത പക്ഷം മറ്റൊരറിയിപ്പ് ഇല്ലാതെ തന്നെ ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.
8. സമ്പൂർണ്ണയിലെ ഡാഷ് ബോർഡിൽ ഡാറ്റാ കളക്ഷൻ എന്ന മെനുവിൽ എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തിയിരിക്കണം. നിലവിൽ സ്കൂളിൽ ഇല്ലാത്ത ജീവനക്കാരെ റിമൂവ് ചെയ്യേണ്ടതും പുതുതായി ചേർക്കേണ്ട ജീവനക്കാരെ ചേർക്കേണ്ടതുമാണ്. വിവരങ്ങളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

<u>സ്വീകർത്താവ്</u>

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
3. എല്ലാ പ്രധാനാദ്ധ്യാപകരും (ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)

പി.ആർ